**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5808** **08-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ, കോളേജ് തലങ്ങളിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാക്കുന്നതിനായി എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ 7186 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകളുടെ നേതൃത്വത്തിൽ, വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളുടെയും എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് എന്നിവയുടെയും സഹകരണത്തോടെ വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ കായികപരമായും കലാപരമായും ഉള്ള കഴിവുകളെ പരിപോഷിപ്പിച്ച് അതിലൂടെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനായി "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയവുമായി സ്കൂളുകളിൽ വിവിധ കായിക ഇനങ്ങളിൽ "ടീം വിമുക്തി " എന്ന പേരിൽ 1000 കായിക ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ലഹരി ഉപയോഗം സംശയിക്കുന്ന കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയും, കുട്ടികൾക്ക് ചെറിയപ്രായം മുതൽ നല്ല ശീലങ്ങളും ജീവിത നൈപുണ്യങ്ങളും വളർത്തിയെടുക്കുന്നതിന് സംസ്ഥാനത്തെ 140 പ്രൈമറി സ്കൂളുകളിൽ "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം", "തെളിവാനം വരക്കുന്നവർ" എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | കൈപ്പുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം", കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്നീ കമ്മിറ്റികൾ രൂപീകരിച്ച് നിയമാവബോധം നൽകി വരുന്നു. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു "Standard Operating Procedure (SOP)" തയ്യാറാക്കി ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ലഹരിയിൽ നിന്നും കുട്ടികൾക്കുള്ള സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വന്നിട്ടുള്ളതാണ്. സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്ന് എന്നിവ കുട്ടികൾക്ക് വിൽപ്പന നടത്താൻ സൂക്ഷിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും, അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സ്കൂളുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപും ക്ലാസ്സ് അവസാനിച്ചതിന് ശേഷവും നിശ്ചിത ഇടവേളകളിൽ സ്കൂൾ പരിസരങ്ങളിലും സംശയമുള്ള സ്ഥലങ്ങളിലും പട്രോളിംഗ് നടത്തി വരുന്നുണ്ട്. സ്കൂൾപരിസരത്ത് സ്ഥിരമായി വന്നുപോകുന്ന/കറങ്ങി നടക്കുന്ന വ്യക്തികളെ പ്രത്യേകം നിരീക്ഷിക്കുകയും, അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും, അവർ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണോ എന്ന് പരിശോധിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | സ്കൂൾ, കോളേജ് തലങ്ങളിലെ വിവിധ പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) 1,47,48,666/- (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി അറുനൂറ്റി അറുപത്തി ആറു രൂപ) ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ